## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട 355-ാം നമ്പർ ചോദ്യം 25.06.2013 -ലെ മറുപടിക്ക്

### ട്രഷറികളിൽ എ.ടി.എം കൗണ്ടർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. എം.പി. വിൻസന്റ് | ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി<br>ശ്രീ. കെ.എം.മാണി |
| (എ) സംസ്ഥാനത്തെ ട്രഷറികളിൽ എ.ടി.എം കൗണ്ടറുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉടമകൾക്ക് പ്രയോജനപ്രദമാകുന്ന വിധത്തിൽ TSB (ട്രഷറി സേവിംഗ്സ് ബാങ്ക്) കോർ ബാങ്കിംഗ് സംവിധാനത്തിലേക്ക് മാറുകയും അതിന്റെ ഭാഗമായി എ.ടി.എം. സ്ഥാപിക്കാനുമാണ് ഉദ്ദേശിക്കുന്നത്. അതിന് മുന്നോടിയായി 4 ട്രഷറികളിൽ ATM സ്ഥാപിക്കുവാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം ? | (ബി) എ.ടി.എം. സ്ഥാപിക്കുന്നതോടുകൂടി ഇടപാടുകാർക്ക് ഏതു സമയത്തും അക്കൗണ്ടിൽ നിന്നും പണം പിൻവലിക്കുന്നതിനുള്ള സൗകര്യം ഉണ്ടാകും. ഇതുമൂലം ട്രഷറി പ്രവർത്തന സമയം കഴിഞ്ഞും, അവധി ദിവസങ്ങളിൽപ്പോലും പെൻഷൻകാരും ജീവനക്കാരും ഉൾപ്പെടെ എല്ലാ ഇടപാടുകാർക്കും പണം പിൻവലിക്കുന്നതിനുള്ള സൗകര്യം ഉണ്ടാകും. ATM സ്ഥാപിക്കുന്നതുവഴി TSB-യിലേക്ക് ജനങ്ങളെ കൂടുതൽ ആകർഷിക്കാനും അതുമൂലം സർക്കാർ ചെലവുകൾക്കുള്ള ധനലഭ്യത വർദ്ധിപ്പിക്കാനും കഴിയും. |
| (സി) ആരെയെല്ലാമാണ് ഇതുമായി സഹകരിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) കേന്ദ്രസർക്കാർ സ്ഥാപനമായ എൻ.ഐ.സി -യാണ് ഇതിനാവശ്യമായ സോഫ്റ്റ്വെയർ തയ്യാറാക്കുന്നത്. |

| | |
|---|---|
| (ഡി) ഇതുമൂലം ജനങ്ങൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നത്; | (ഡി) എ.ടി.എം. സ്ഥാപിക്കുന്നതോടുകൂടി ഇടപാടുകാർക്ക് ഏതു സമയത്തും അക്കൗണ്ടിൽ നിന്നും പണം പിൻവലിക്കുന്നതിനുള്ള സൗകര്യം ഉണ്ടാകും. ഇതുമൂലം ട്രഷറി പ്രവർത്തനസമയം കഴിഞ്ഞും, അവധി ദിവസങ്ങളിൽപ്പോലും പെൻഷൻകാരും ജീവനക്കാരും ഉൾപ്പെടെ എല്ലാ ഇടപാടുകാർക്കും പണം പിൻവലിക്കുവാൻ സാധിക്കും. |
| (ഇ) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ഇ) നാല് ട്രഷറികളിൽ എ.ടി.എം. കൗണ്ടറുകൾ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. തുടർനടപടികൾ പുരോഗമിച്ചു വരുന്നു. |

Rupa

സെക്ഷൻ ഓഫീസർ